**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാംപദ്ധതി ജനകീയാസൂത്രണം – ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെ പദ്ധതി പരിശോധന – പ്രവർത്തനങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നമ്പർ. 1780/2008/തസ്വഭവ          തിരുവനന്തപുരം, തീയതി: 24.06..2008

---

പരാമർശം:
1. 14.05.2007–ലെ സ.ഉ.(എം.എസ്)128/2007/തസ്വഭവ നമ്പർ ഉത്തരവ്
2. 24.07.2007–ലെ സ.ഉ.(എം.എസ്) 183/2007/തസ്വഭവ നമ്പർ ഉത്തരവ്
3. 01.11.2007–ലെ സ.ഉ.(എം.എസ്) 249/2007/തസ്വഭവ നമ്പർ ഉത്തരവ്
4. 06.03.2008–ലെ സ.ഉ.(എം.എസ്) 65/2008/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

പരാമർശം ഒന്ന് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം മുനിസിപ്പാലിറ്റികളുടെ പദ്ധതികൾ മുനിസിപ്പാലിറ്റിതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. കോർപ്പറേഷന്റെ പദ്ധതി, കോർപ്പറേഷൻതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പരിശോധനയെ തുടർന്ന് സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് കൂടി പരിശോധിക്കണം. അതുപോലെ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ പരിശോധനയെ തുടർന്ന് സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് കൂടി പരിശോധിച്ചാണ് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ ചെയ്യേണ്ടത്. എന്നാൽ മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ടി.എ.ജി.കളുടെ പദ്ധതി പരിശോധന ഫലപ്രദമല്ലാത്തതിനാൽ ഈ തലങ്ങളിൽ പദ്ധതി പരിശോധനയ്ക്ക് ടി.എ.ജി.കൾ ആവശ്യമില്ലെന്നും ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതികൾക്ക് ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും സമാന രീതിയിലുള്ള പരിശോധന ആവശ്യമില്ലെന്നും അതിനാൽ ഈ വിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധനയ്ക്ക് ചില പുനഃക്രമീകരണങ്ങൾ നടത്തേണ്ടതു ണ്ടെന്നും 28.05.2008–ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി യോഗം ശുപാർശ ചെയ്തിട്ടുണ്ട്. കോ–ഓർഡിനേഷൻ സമിതിയുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ച് മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ജില്ലാപഞ്ചായത്തുകൾ എന്നിവയുടെ പദ്ധതി പരിശോധന, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച് സർക്കാർ ചുവടെയുള്ള ഉത്തരവ് പുറപ്പടുവിക്കുന്നു.

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ പദ്ധതി പരിശോധനയ്ക്ക് ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ ഉണ്ടായിരിക്കുന്നതല്ല. മുനിസിപ്പാലിറ്റികളുടെ പദ്ധതി ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ ചെയ്യണം. ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതി സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പ് പരിശോധിക്കുന്നതാണ്. എന്നാൽ ജില്ലാതല ടി.എ.ജി. പ്രോജക്ട് ക്ലിനിക്ക് നടത്തി ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ എന്നിവയുടെ പദ്ധതിയിലെയും പ്രോജക്ടുകളിലെയും ന്യൂനതകൾ പരിഹരിക്കണം. ഇപ്രകാരം ന്യൂനതകൾ പരിഹരിച്ച തിനുശേഷം സംസ്ഥാനതല ടെക്നിക്കൽ ഗ്രൂപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കണം. മുനിസിപ്പാലിറ്റി തലത്തിൽ പദ്ധതി പരിശോധനയ്ക്ക് ടി.എ.ജി.കൾ ഇല്ലാത്ത സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളുടെ പട്ടികവർഗ്ഗ ഉപപദ്ധതി പരിശോധിക്കേണ്ടത് ജില്ലാതല ടി.എ.ജി.യുടെ പ്രത്യേക കമ്മിറ്റിയാണ്.

ജില്ലാപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ജില്ലാതല ടി.എ.ജിയാണ് സാങ്കേതി കാനുമതി നൽകേണ്ടത്. മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ പ്രോജക്ടുകൾക്ക് സാങ്കേതികാ നുമതി നൽകുന്നതിനായി മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പും സാങ്കേതികാനുമതി ആവശ്യമുള്ള മേഖലകൾക്ക് സബ് ഗ്രൂപ്പുകളും ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കണം. അക്കാദമിക് സ്ഥാപനങ്ങളിലോ സർക്കാരിതര സംഘടനകളിലോ പ്രവർത്തിക്കുന്നതോ പൊതു മേഖലയിൽ നിന്നോ സ്വകാര്യ മേഖലയിൽ നിന്നോ റിട്ടയർ ചെയ്തതോ ആയ ഒരു സീനിയർ പ്രൊഫഷണലിനെ സാങ്കേതികാനുമതി നൽകുന്നതിനുള്ള ടി.എ.ജി.യുടെ ചെയർമാൻ ആയി നിശ്ചയിക്കണം. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ആയിരിക്കും സാങ്കേതികാനുമതി നൽകുന്നതിനുള്ള ടി.എ.ജി.യുടെ കോ–ഓർഡിനേറ്റർ. പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സബ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടത്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി സബ് ഗ്രൂപ്പുകളുടെ

ചെയർമാൻമാരും കൺവീനർമാരുമായി കൂടിയാലോചിച്ച് ആവശ്യാനുസരണം സബ് ഗ്രൂപ്പുകളുടെ യോഗം വിളിച്ചു ചേർക്കണം. സാങ്കേതികാനുമതി നൽകുന്നതിന്, പരാമർശം മൂന്ന് പ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

ജില്ലാ ആസൂത്രണ സമിതികൾ, എല്ലാ തലങ്ങളിലെയും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ അടിയന്തിരമായി പുനഃസംഘടിപ്പിക്കണം. ലഭ്യമായതിൽ ഏറ്റവും മികച്ച വിദഗ്ദ്ധരെയാണ് ടി.എ.ജി.കളിൽ ഉൾപ്പെടുത്തുന്നതെന്ന് ജില്ലാ ആസൂത്രണ സമിതി ചെയർമാൻമാർ ഉറപ്പു വരുത്തണം. ഈ ഉത്തരവിലെ കൂടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്ന ടി.എ.ജി.കളാണ് 2008–09–ലെ പൂർണ്ണ വാർഷിക പദ്ധതിയും രണ്ടാം ഘട്ട പ്രോജക്ടുകളും പരിശോധിക്കേണ്ടത്. ജില്ലാ പഞ്ചായത്തു കളുടെയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെയും 2008–09–ലെ സ്പിൽഓവർ പ്രോജക്ടുകൾ ഈ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള പുതിയ സംവിധാന പ്രകാരമാണ് പരിശോധിക്കേണ്ടത്.

ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പരിശോധന, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മാറ്റമില്ലാതെ തുടരുന്നതാണ്.

ഗവർണറുടെ ഉത്തരവിവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
5. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. നഗരകാര്യ ഡയറക്ടർ
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
11. മുഖ്യ നഗരാസൂത്രകൻ
12. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
14. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
15. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
16. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
17. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
22. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
24. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
27. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
28. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
29. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ